# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1025

10.06.2019-ലെ മറുപടി

## ജലഅതോറിറ്റിക്ക് അടയ്ക്കേണ്ട മിനിമം വാട്ടർ ചാർജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് നഗര സഭയിലും സമീപ പഞ്ചായത്തുകളിലും ഈ അടുത്തകാലത്തായി ജലഅതോറിറ്റി എത്ര ദിവസത്തേക്ക ജലവിതരണം നിർത്തി വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 25.04.2019 മുതൽ 03.06.2019 വരെയുള്ള 40 ദിവസം ജലവിതരണം നിർത്തി വച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള കാരണമെന്താണെന്നും ഇപ്പോൾ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ പ്രധാന സ്രോതസ്സ് ആയ ബാവിക്കരയിൽ (ചന്ദ്രഗിരി പുഴയിൽ) നീരൊഴുക്ക് നിലക്കുകയും മാർച്ച് ആദ്യവാരത്തിൽ പൂർത്തീകരിച്ച താൽക്കാലിക തടയണയിലെ വെള്ളം വറ്റുകയും തുടർന്ന് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള പാണ്ടിക്കണ്ടം തടയണയിൽ ശേഖരിച്ച വെള്ളം രണ്ടു തവണകളായി ബാവിക്കരയിലുള്ള കിണറിലേക്ക് പ്രത്യേക ചാൽ നിർമ്മിച്ച് എത്തിക്കുകയും, കൂടാതെ പുഴയിൽ കയങ്ങൾ തമ്മിൽ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് ബന്ധിപ്പിക്കുകയും പുഴയിലെ വെള്ളം പരമാവധി ബാവിക്കരയിലെ കിണറിലെത്തിക്കുകയും ചെയ്തിരുന്നു. തുടർന്ന് 25.04.2019-ന് പൂർണ്ണമായും വെള്ളം വറ്റിയ അവസ്ഥയിൽ പമ്പിംഗ് നിർത്തിവെക്കേണ്ടി വന്നു. കാലവർഷം തുടങ്ങി പുഴയിലെ വെള്ളത്തിന്റെ നിരപ്പ് വർദ്ധിച്ചാൽ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | മാത്രമേ ജല വിതരണം പൂർവസ്ഥിതിയിൽ തുടരാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ജലസേചന വകുപ്പിന്റെ മേൽ നോട്ടത്തിൽ ബാവിക്കരയിൽ പുരോഗമിച്ചുവരുന്ന സ്ഥിരം തടയണ നിർമ്മാണം പൂർത്തിയാകുന്നതോടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകും. |
| (സി) | ഉപഭോക്താക്കൾ ജലഅതോറിറ്റിക്കു അടയ്ക്കേണ്ട മിനിമം നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഗാർഹിക കണക്ഷനുകൾക്ക് 5000 ലിറ്റർ വരെ 22 രൂപയും (2 രൂപ മീറ്റർ ഇൻസ്പെക്ഷൻ ചാർജ്ജ് ഉൾപ്പെടെ) ഗാർഹികേതര കണക്ഷനുകൾക്ക് 202 രൂപയും വ്യാവസായിക കണക്ഷനുകൾക്ക് മിനിമം നിരക്ക് 402 രൂപയുമാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നത് |
| (ഡി) | ജലവിതരണം ഇല്ലെങ്കിലും മിനിമം നിരക്ക് അടയ്ക്കണമെന്ന് വ്യവസ്ഥ യുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. വാട്ടർ കണക്ഷൻ സ്ഥിരമായി നിലനിർത്തുന്നതിന് മിനിമം ചാർജ്ജ് അടയ്ക്കേണ്ടതാണ്. |
| (ഇ) | എങ്കിൽ ഉപയോഗിക്കാത്ത വെള്ളത്തിനു ചാർജ്ജ് ഈടാക്കുന്നത് അവസാനിപ്പിക്കാൻ നിയമ വ്യവസ്ഥിതിയിൽ ആവശ്യമായ മാറ്റം കൊണ്ടുവരുമോ? | (ഇ) | പൂർണ്ണമായി ഒരു പ്രദേശത്ത് ജല വിതരണമില്ലെങ്കിൽ വാട്ടർ ചാർജ് ഒഴിവാക്കി നൽകുവാൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എന്തെങ്കിലും കാരണത്താൽ ഒരു വ്യക്തിക്ക് മാത്രം ഒഴിവാക്കി നൽകുവാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**